മറ്റ് ഫർണിച്ചറുകൾ, കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ കുടിവെള്ള ടാപ്പുകൾ, ഉച്ചഭക്ഷണശാല, ആഹാരം പാകം ചെയ്യാൻ ആവശ്യമായ പാത്രങ്ങൾ തുടങ്ങിയവ.

(ഡി) ആവശ്യമായ ക്ലാസ്സ്മുറികൾ നിർമ്മിക്കുന്നതിനും മറ്റ് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്കൂളുകളിലെ കായിക പഠനം

36 (2517) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ സ്കൂളുകളിലും കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ബി) സ്കൂളുകളിൽ കായിക പഠനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് സ്കൂൾതലത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളിൽ ആയതിന് നീക്കിവച്ചിട്ടുള്ള പിരീഡുകളിൽ മറ്റുവിഷയങ്ങൾ പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സ്കൂളുകളിൽ നിശ്ചയിച്ച സമയം കായിക പഠനത്തിനുതന്നെ വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകുന്നകാര്യം പരിഗണിക്കുമോ ; കായികാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേക പദ്ധതികൾ എല്ലാ സ്കൂളുകളിലും നിലവിലില്ല. എന്നാൽ സ്പോർട്സ് വകുപ്പുമായി ബന്ധപ്പെട്ട സ്പോർട്സ് സ്കൂളുകൾ, സ്പോർട്സ് അക്കാഡമികൾ എന്നിവയിലൂടെ ധനസഹായം ഉൾപ്പെടെയുള്ള പ്രത്യേക പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇല്ല.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ചിത്തിരപുരം ഹൈസ്കൂളിൽ പോളിടെക്നിക്

37 (2519) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിത്തിരപുരം ഹൈസ്കൂളിൽ പോളിടെക്നിക് സ്ഥാപിക്കുന്നതിന്റെ നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

തൊഴിലധിഷ്ഠിത ഹയർസെക്കന്ററി പരീക്ഷ

38 (2521) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലധിഷ്ഠിത ഹയർസെക്കന്ററി പരീക്ഷ പാസ്സായവർ എത്ര ;

(ബി) ഇവർക്ക് ഉപരിപഠനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ തലത്തിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly